ശ്രീ. ടി. കെ. നാരായണപിള്ള: ആ കേൾവികളെല്ലാം അടിസ്ഥാനര ഹിതമാണ്.

മി. കേശവമേനവന്റെ നിയമനം

* ന. (ന) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾ ക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) മദ്രാസ് പോലീസ് വകുപ്പിൽനിന്നും, മി. കേശവമേനവനെ ഇവിടത്തെ സപ്ലീസിൽ നിയമിച്ചിട്ടുണ്ടോ;

(ബി) അദ്ദേഹത്തിന്റെ മദ്രാസിലെ റാങ്കും, ഇവിടത്തെ റാങ്കും തമ്മിൽ എന്തു വ്യത്യാസമുണ്ട്;

(സി) അദ്ദേഹത്തെ എന്തു നിശ്ചിതമായ ജോലി ചെയ്യുന്നതിനാണ് ഇവിടെ നിയമിച്ചത്;

(ഡി) ഇപ്പോൾ അദ്ദേഹം എന്തു പ്രത്യേകമായ ജോലി ചെയ്യുവരുന്നു;

(ഇ) പബ്ലിക്ക് സപ്ലീസ് കമ്മീഷന്റെ മുൻ അനുമതിയോടുകൂടിയാണോ മി. കേശവമേനവനെ നിയമിച്ചത്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) മദ്രാസിൽ അദ്ദേഹം പോലീസ് സൂപ്രണ്ടായിരുന്നു. ഇവിടെ ആദ്യം എ. എസ്സ്. പി. യായി നിയമിക്കുകയും ഇപ്പോൾ ഡി. ഐ. ജി. യായി ജോലിനോക്കുകയും ചെയ്യുവരുന്നു.

(സി) സി. ഐ. ഡി. ജോലി ചെയ്യുന്നതിനു്.

(ഡി) ശബരിമല തീവയ്പ് കേസിനെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

(ഇ) ഇല്ല. അദ്ദേഹത്തെ ഒരു കൊല്ലത്തേക്കു മാത്രമാണ് ഇവിടെ നിയമിച്ചിട്ടുള്ളത്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: എ. എസ്. പി. ആയിട്ടു പ്രവർത്തനം നടത്തിയ ശ്രീ. കേശവമേനവനെ എത്ര കാലം കഴിഞ്ഞിട്ടാണ് ഡി. ഐ. ജി. ആക്കിയിട്ടുള്ളത്?

ശ്രീ. ടി. കെ. നാരായണപിള്ള: കുറച്ചുകാലം കഴിഞ്ഞാണ്.

Sri. R. K. Ram: Is it because of the inefficiency of the police here that Mr. Kesava Menon was imported?

Mr. Speaker: That is a matter of inference.

ശ്രീ. പി. നാണു: ശബരിമല തീവയ്പ് കേസിനെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗത്തെ ഇവിടെ നിയമിച്ചിട്ട് എത്ര കാലമായെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഏകദേശം ആറുമാസത്തിൽ കൂടുതലായി.

DESHABHIMANI RAMAKRISHNA PILLAI MEMORIAL

*7. [7] **Sri. N. D. Jose:** Will the Hon'ble Chief Minister be pleased to state:—

(a) whether any public committee or group of persons has applied for a grant of a few cents of land to build a memorial to the late Ramakrishna Pillai;

(b) whether such a grant has been made; and

(c) and if so, if the Government is aware of the committee having taken up the construction of the memorial?

LIBRARY ARCHIVES Kerala Legislative Assembly